# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:4607

13.11.2019-ലെ മറുപടി

## നെയ്യാറ്റിൻകരയിൽ എം.പി. ഫണ്ടുപയോഗിച്ച് കുടിവെള്ളം എത്തിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ. ആൻസലൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്തെ പ്ലാവിളയിൽ രാജ്യസഭാ എം.പി. എളമരം കരീമിന്റെ ഫണ്ട് ഉപയോഗിച്ച് കുടിവെള്ളം എത്തിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; ഡി.പി.ആർ. പ്രകാരം എത്ര ലക്ഷം രൂപയാണ് ഇതിന് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ബഹു.എം.പി.ശ്രീ.എളമരം കരീമിന്റെ ഫണ്ട് ഉപയോഗിച്ച് നെയ്യാറ്റിൻകര ഡിവിഷനു കീഴിൽ ചെയ്യുന്ന പ്രവൃത്തിയുടെ ദർഘാസ് സാങ്കേതിക കാരണങ്ങളാൽ ക്യാൻസൽ ചെയ്യേണ്ടി വന്നതിനാൽ പുനർ ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. 24,99,100/- രൂപയാണ് ഈ പ്രവൃത്തിക്കുവേണ്ടി എം.പി. ഫണ്ടിൽ നിന്ന് അനുവദിച്ചിട്ടുള്ളത്. |
| (ബി) | അടങ്കൽ തുക ഉപയോഗിച്ച് എത്ര കിലോമീറ്റർ ആണ് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് എന്ന് വിശദമാക്കുമോ; പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; പ്രവൃത്തി പൂർത്തീകരിക്കുന്നതിന്റെ കാലാവധി എത്ര മാസമാണ്; വ്യക്തമാക്കുമോ? | (ബി) | പെരുമ്പഴുതൂർ മുതൽ മലഞ്ചാണി വരെയാണ് പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നത്. അടങ്കൽ തുക ഉപയോഗിച്ച് 2.78 കി.മീ. കുടിവെള്ള പൈപ്പ് ലൈൻ ആണ് സ്ഥാപിക്കുന്നത്. ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്നതിന്റെ കാലാവധി 3 മാസമാണ്. |

സെക്ഷൻ ഓഫീസർ